**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5283** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസം-വിഷനും മിഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുശേഷം ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഈ മേഖലയിൽ സർക്കാർ ലക്ഷ്യം വെയ്ക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് താഴെപ്പറയുന്ന സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1. ഇ-ജേർണൽ കൺസോർഷ്യം<br>2. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br>3. സ്റ്റേറ്റ് അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC)<br>4. ഡിജികോൾ<br>5. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനം<br>6. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്<br>7. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF)<br>8. അദ്ധ്യാപക പരിശീലന പദ്ധതി<br>9. ഓൺലൈൻ ഡിജിറ്റൽ ശേഖരം<br>10. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br>11. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവടങ്ങളിൽ പുതിയ ക്ലസ്റ്റർ)<br>12. ഉന്നത വിദ്യാഭ്യാസ സർവ്വേ<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പുതുതലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ചു ചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോട്ടു കൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചു നൽകിയിട്ടുണ്ട്. അതോടൊപ്പം നാല്പതോളം കോളേജുകളിൽ സോഫ്റ്റ് വെയർ അടിസ്ഥാനമാക്കിയുള്ള ലൈബ്രറി ക്രമീകരിക്കുവാനും കഴിഞ്ഞു. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ളാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ളാസുകളും സ്മാർട്ട് ക്ളാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിന് പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക ഭദ്രതയുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി Earn while you learn പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. സ്റ്റുഡന്റ് ഫോർ സൊസൈറ്റി, യുറേക്ക ലാബ് എന്നിവ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ലക്ഷ്യ പ്രാപ്തിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ